**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**2017 ഓഗസ്റ്റ് 14, തിങ്കൾ**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം**

**സർവ്വീസിലിരിക്കെ മരണപ്പെട്ട ജീവനക്കാരന്റെ ബാദ്ധ്യത**

**ചോദ്യം : 1670**

**ശ്രീ കെ .കുഞ്ഞിരാമൻ**

**മറുപടി:**

**പിണറായി വിജയൻ**

**മുഖ്യ മന്ത്രി**

| | ചോദ്യം | മറുപടി |
|---|---|---|
| എ | സംസ്ഥാന സർക്കാർ സർവ്വീസിലിരിക്കെ മരണപ്പെട്ട ജീവനക്കാരന്റെ എത്ര ലക്ഷം രൂപവരെയുള്ള ബാദ്ധ്യതകളാണ് എഴുതിതള്ളിയിരുന്നത് വിശദാംശങ്ങൾ നൽകാമോ | സംസ്ഥാന സർക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ 2 ലക്ഷം രൂപവരെയുള്ള ബാദ്ധ്യതയാണ് സ.ഉ (പി)നം. 591/1997/ധന തീയതി 17.06.97 പ്രകാരം എഴുതിതള്ളിയിരുന്നത്. |
| ബി | ഈ തുക ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ | സ.ഉ (പി) നം 91/2017/ധന തീയതി 17.07.2017 പ്രകാരം ഈ തുകയുടെ പരിധി 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.ഭവന നിർമ്മാണ വായ്പ, വാഹന വായ്പ, ഭവന/വാഹന വായ്പകളുടെ പലിശ, പലിശ രഹിത ചികിത്സാ വായ്പ, ഓണം അഡ്വാൻസ്, ക്ലാസ് IV വിഭാഗത്തിൽ വരുന്ന ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ വായ്പ, എന്നീ ബാധ്യതകളാണ് പരിഗണിക്കുന്നത്. മേൽ വിവരിച്ച ഇനങ്ങളിലെ ബാദ്ധ്യതകളിൽ മറ്റു സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരും അനുവദിച്ച ബാദ്ധ്യതകളും ഉൾപ്പെടുന്നതാണ്. ഉത്തരവ് തീയതി മുതൽ തീർപ്പാക്കുന്ന കേസുകൾക്കു ഉത്തരവ് ബാധകമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

### സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ സർക്കാർ ബാദ്ധ്യതകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു

ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

**സ. ഉ. (പി) നമ്പർ 91/17/ധന.** **തിരുവനന്തപുരം, 2017 ജൂലൈ 17.**

പരാമർശം:—1. സ. ഉ. (പി) നമ്പർ 591/1997/ധന. തീയതി 17-6-1997.
2. സ. ഉ. (പി) നമ്പർ 750/1997/ധന. തീയതി 2-9-1997.
3. സ. ഉ. (പി) നമ്പർ 919/1997/ധന. തീയതി 27-10-1997.
4. സ. ഉ. (പി) നമ്പർ 1932/98/ധന. തീയതി 17-8-1998.
5. സ. ഉ. (പി) നമ്പർ 596/2000/ധന. തീയതി 14-3-2000.
6. സർക്കുലർ നമ്പർ 55/2009/ധന. തീയതി 20-7-2009.

## ഉത്തരവ്

സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ, മോട്ടോർ വാഹന വായ്പ, ചികിത്സയ്ക്കായുള്ള പലിശ രഹിത വായ്പ എന്നീ ഇനങ്ങളിലെ 2 ലക്ഷം രൂപ വരെയുള്ള സർക്കാർ ബാദ്ധ്യത എഴുതിത്തള്ളുവാൻ പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് ആയിരുന്നു. 17-6-1997-നോ അതിനുശേഷമോ സർവ്വീസിലിരിക്കെ മരണമടയുന്നവരുടെ മേൽ വിവരിച്ച ബാദ്ധ്യതകളാണ് എഴുതിത്തള്ളുന്നതെന്ന് പരാമർശം (2) പ്രകാരവും 17-6-1997 തീയതിയിൽ തിരിച്ചടവ് ബാക്കി നിൽക്കുന്ന ബാദ്ധ്യതകളാണ് ഇതിനായി പരിഗണിക്കുകയെന്ന് പരാമർശം (3) പ്രകാരവും ഉത്തരവായിരുന്നു. ഒന്നിലധികം ബാദ്ധ്യതകൾ നിലനിൽക്കുമ്പോൾ ഏറ്റവും പഴക്കമേറിയ ബാദ്ധ്യതകൾക്ക് മുൻഗണന നൽകുമെന്നും, 2 ലക്ഷം

GCPT. 4/2611/2017/1000/S-15.

രൂപയ്ക്കു ശേഷം നിലനിൽക്കുന്ന ബാദ്ധ്യതകൾ നിലവിലെ ചട്ടങ്ങൾ പ്രകാരം ഈടാക്കുമെന്നും മേൽ വിവരിച്ച ഇനങ്ങളിലെ ബാദ്ധ്യതകളിൽ മറ്റു സംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര സർക്കാരിന്റെയും ബാദ്ധ്യതകളും ഉൾപ്പെടുമെന്നും തിരിച്ചടവ് മുൻ നിശ്ചയപ്രകാരം തുടരുന്ന കേസുകളിലെ 17-6-1997-ലെ ബാദ്ധ്യതയാണ് കണക്കിലെടുക്കുന്നതെന്നും, തുക അനുവദിച്ച അതേ ആവശ്യത്തിനാണ് വിനിയോഗിച്ചതെന്ന നോട്ടറിയുടെ സാക്ഷ്യപത്രം നൽകേണ്ടതാണെന്നും പരാമർശം (4) പ്രകാരം ഉത്തരവ് ആയിരുന്നു. മേൽ വിവരിച്ച ഇനങ്ങൾക്കൊപ്പം ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ വായ്പയും ഉൾപ്പെടുന്നതാണെന്നും പരാമർശം (5) പ്രകാരം സ്പഷ്ടീകരണം പുറപ്പെടുവിച്ചിരുന്നു.

2. സൂചന ഒന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ട് ഇരുപത് വർഷം കഴിഞ്ഞിരിക്കുന്നതിനാലും ഇക്കാലയളവിൽ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ, മോട്ടോർ വാഹന വായ്പ എന്നിവയുടെ പരിധി വർദ്ധിപ്പിച്ചതിനാലും എഴുതി തള്ളുന്ന തുകയുടെ പരിധി ഉയർത്തണമെന്ന് വിവിധ കോണുകളിൽനിന്നും ആവശ്യമുയർന്നിരിക്കുകയാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശിത ഉത്തരവുകൾക്ക് താഴെപ്പറയുന്ന ഭേദഗതികൾ ഉൾപ്പെടുത്തി ഉത്തരവാകുന്നു. സർവ്വീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരന്റെ 5,00,000 (അഞ്ച് ലക്ഷം) രൂപ വരെയുള്ള സംസ്ഥാന സർക്കാർ ബാദ്ധ്യത എഴുതിത്തള്ളുന്നതാണ്:

(i) ഭവന നിർമ്മാണ വായ്പ, വാഹന വായ്പ, ഭവന/വാഹന വായ്പകളുടെ പലിശ, പലിശ രഹിത ചികിത്സാ വായ്പ, ഓണം അഡ്വാൻസ്, ക്ലാസ് IV വിഭാഗത്തിൽ വരുന്ന ജീവനക്കാരുടെ പെൺമക്കളുടെ വിവാഹ വായ്പ എന്നിവ മുകളിൽ പറഞ്ഞ ബാദ്ധ്യതകളിൽ ഉൾപ്പെടുന്നതാണ്.

(ii) മേൽവിവരിച്ച ഇനങ്ങളിലെ ബാദ്ധ്യതകളിൽ മറ്റു സംസ്ഥാന സർക്കാരുകളും കേന്ദ്രസർക്കാരും അനുവദിച്ച ബാദ്ധ്യതകളും ഉൾപ്പെടുന്നതാണ്.

(iii) ഒന്നിലധികം ബാദ്ധ്യതകൾ നിലനിൽക്കുന്നപക്ഷം ഏറ്റവും പഴക്കംചെന്ന ബാദ്ധ്യതകൾ മുൻഗണന ക്രമത്തിൽ എഴുതി തള്ളുന്നതാണ്.

(iv) അഞ്ച് ലക്ഷത്തിൽ അധികംവരുന്ന ബാദ്ധ്യതകൾ മരണമടഞ്ഞ വരുടെ സ്ഥാവരജംഗമ വസ്തുക്കളിൽനിന്നോ ടിയാളുടെ അനന്തരാവകാശികളിൽനിന്നോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഈടാക്കുന്നതാണ്.

(v) വായ്പ എഴുതിത്തള്ളുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ വായ്പാ തുക പൂർണ്ണമായും എടുത്ത ആവശ്യത്തിന് ഉപയോഗിച്ചെന്ന് നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

(vi) ഭവന നിർമ്മാണ വായ്പ കേസുകളിലെ ബാദ്ധ്യത തുക എഴുതിതള്ളുന്നത് ജില്ലാ ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് കൂടി വാങ്ങി പരിശോധിച്ചശേഷമായിരിക്കണം.

(vii) വായ്പ തുക പൂർണ്ണമായും അതാത് ആവശ്യത്തിന് ഉപയോഗിക്കാത്ത കേസുകളിൽ ബാദ്ധ്യത തുക എഴുതിത്തള്ളുന്നതല്ല. അത്തരം കേസുകളിൽ കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ചട്ടം 303-നു താഴെയുള്ള കുറിപ്പ് പ്രകാരം മുഴുവൻ തുകയ്ക്കും 18 ശതമാനം പിഴപ്പലിശ കൂടി ഈടാക്കുന്നതാണ്.

(viii) സംയുക്ത ഭവന നിർമ്മാണ വായ്പ കേസുകളിൽ ജീവനക്കാരുടെ ബാദ്ധ്യത 50:50 ആയതിനാൽ അത്തരം കേസുകളിൽ അന്തരിച്ച ജീവനക്കാരന്റെ ബാദ്ധ്യത മറ്റ് നിബന്ധനകൾക്ക് വിധേയമായി എഴുതിത്തള്ളുന്നതാണ്.

(ix) ഈ ഉത്തരവ് പ്രകാരം ബാദ്ധ്യത എഴുതിത്തള്ളുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ഭരണ വകുപ്പ് ബാദ്ധ്യത എഴുതിത്തള്ളുന്നതിനുള്ള ശിപാർശയിൽ പരാമർശം (6) പ്രകാരം ധനവകുപ്പിന്റെ അനുമതി വാങ്ങേണ്ടതാണ്.

(x) ഈ ഉത്തരവ് തീയതി മുതൽ തീർപ്പാക്കുന്ന കേസുകൾക്ക് ഉത്തരവ് ബാധകമാകുന്നതാണ്.

(xi) തീർപ്പാക്കിയ കേസുകൾ പുനഃപരിശോധിക്കേണ്ടതില്ല.

4. കേരള ഫിനാൻഷ്യൽ കോഡ് വാല്യങ്ങൾ 1, 2 എന്നിവയിലും കേരള അക്കൗണ്ട് കോഡ് വാല്യം 1-ലും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. കെ. എം. എബ്രഹാം,
*അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം).*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്. എസ്. എ.) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ.) കേരള, തിരുവനന്തപുരം.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും വകുപ്പു തലവൻമാർക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/ ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.

ഗവർണ്ണറുടെ സെക്രട്ടറി.

മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.

പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.

ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ./ധനകാര്യ എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പി.എ.

സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തിരുവന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവന്തപുരം.

രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/കണ്ണൂർ/മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി, എറണാകുളം.

രജിസ്ട്രാർ, അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാണിക്കര.

രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, വയനാട്.

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്, തൃശ്ശൂർ.

രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി, എറണാകുളം.

രജിസ്ട്രാർ, മലയാളം യൂണിവേഴ്സിറ്റി, തിരൂർ, മലപ്പുറം.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.

ജനറൽ മാനേജർ, കെ.എസ്.ആർ.ടി.സി., തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്.

ജനറൽ മാനേജർ, ജല അതോറിറ്റി, തിരുവനന്തപുരം.

പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ഗവൺമെന്റ് കമ്പനികൾ/ബോർഡ്/കോർപ്പറേഷനുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർമാർ/ജനറൽ മാനേജർമാർ.

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം.

രജിസ്ട്രാർ, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ.

ജില്ലാ ട്രഷറികളും സബ് ട്രഷറികളും.

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്.

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

GCPT. 4/2611/2017/1000/S-15.

**ORDER**

n the Government order read above, it was clarified that discharge on wn request from Army Service is not resignation and Army Service in circumstances also is reckonable as qualifying service for Civil Pension to the conditions laid down in the rules in Part III, Kerala Service Rules to refund of pensionary benefits, if any, received along with 6% simple t, from the date of receipt till the date of refund.

n the letter read as second paper above, the Accountant General has out that service under C.R.P.F. is not included within the purview of the ted 26-10-1990 and that there is no provision in Kerala Service Rules for ing service rendered under C.R.P.F. for Civil Pension.

**Government have examined the matter in detail and are pleased to that discharge on one's own request from C.R.P.F. is not resignation R.P.F. service in such circumstances will also be reckoned for Civil n subject to the same conditions specified in G.O. (P) No. 539/90/Fin. 26-10-1990.**

By Order of the Governor,
**ALOK SHEEL,**
*Secretary, Finance (Expenditure).*

**159**

**FINANCE (PENSION — B) DEPARTMENT**

**(P)591/97/Fin. Dated, Thiruvananthapuram, 17th June, 1997.**

*ract.*- Government Employees who die in harness — Waiver of liabilities — Orders Issued.

:— U.O. Note No. 93726/Spl.A1/95/GAD. dated 22-05-1997.

**ORDER**

As a measure of compassion with the families of prematurely deceased e Government servants and All India Service Officers, the State Government pleased to order that in the unfortunate event of **a Government employee g-in-harness, his liabilities due to Government upto Rs. 2 lakhs will be tten off. Such 'liabilities' will include House Building Advance, Motor nveyance Advance and any interest free loan given for the treatment of employee. This facility would be available even where State Government ployees or All India Service Officers were on deputation at the time of mise, or where the loan outstanding was sanctioned by some other vernment † [or Institution].**

By Order of the Governor,
**ALOK SHEEL,**
*Special Secretary, Finance (Expenditure).*

**160**

**FINANCE (PENSION — B) DEPARTMENT**

**G.O.(P)595/97/Fin. Dated, Thiruvananthapuram, 18th June, 1997.**

***Abstract.***- Pension — Family Pension — Nomination of mentally retarded/ disabled children after retirement/death of Government servant — Further Orders Issued.

† The words "or Institution" deleted vide G.O.(P)1932/98/Fin. dated 17-08-1998 see G.O. on page 524.



